# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.765 13.6.2012-ൽ മറുപടിയ്ക്ക്

### ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുപ്പിവെള്ളം

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശുദ്ധജലം കുപ്പികളിലാക്കി വിലകുറച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശുദ്ധജലം കുപ്പിയിലാക്കി വിതരണം ചെയ്യുവാനുള്ള പദ്ധതി പ്രകാരം അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള പ്ലാന്റിന് പുനർ ദർഘാസ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. കൂടാതെ തൊട്ടുപുഴയിലും ഉഷാരഗിരിയിലും പ്ലാന്റ് സ്ഥാപിക്കുവാൻ വേണ്ടി പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കുവാൻ കേരള വാട്ടർ അതോറിറ്റിയുടെ കൺസൽട്ടിംഗ് വിംഗായ വാസ്കോൺ-നെ ഏൽപ്പിച്ചിരിക്കുകയാണ്. |
| (ബി) മഴവെള്ളസംഭരണികൾ സജ്ജമാക്കിക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്തുന്നതിന് വിദഗ്ദരെ നിയോഗിക്കുമോ? | (ബി) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ പ്ലാന്റ് നിലവിലുള്ള അരുവിക്കരയിലെ ശുദ്ധീകരണ ശാലയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പദ്ധതിയാണ് കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ